**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1471** **19-06-2024 - ൽ മറുപടിയ്ക്ക്**

**തസ്തികമാറ്റം വഴി നിയമിതരായ ഹയർ സെക്കൻഡറി അധ്യാപകരുടെ പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കൻഡറിയിലേക്ക് തസ്തികമാറ്റം വഴി ജൂനിയർ തസ്തികയിൽ നിയമിതരായ എത്ര ഹൈസ്കൂൾ അധ്യാപകർക്കാണ് ഹൈസ്കൂൾ പ്രധാനാധ്യാപക തസ്തികയിലേക്ക് അപേക്ഷ അയയ്ക്കാനുള്ള അവസരം നഷ്ടപ്പെട്ടിരിക്കുന്നതെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (എ) | നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ഹെഡ് മാസ്റ്റർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനത്തിനുള്ള ഫീഡർ കാറ്റഗറി ഹൈസ്കൂൾ അധ്യാപകരാണ്. ഇതിൽ ഹയർസെക്കന്ററി അധ്യാപകർ ഉൾപ്പെടുന്നില്ല. നിലവിലുള്ള ചട്ടപ്രകാരം എച്ച്.എസ്.ടി. സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹതയുള്ള ആരുടെയും പ്രധാനാധ്യാപക തസ്തികയിലേക്കുള്ള അവസരം നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിൽ തുടരുന്ന അധ്യാപകർക്ക് അവരുടെ എച്ച്.എസ്.എസ്.ടി. തസ്തികയിലെ സീനിയോറിറ്റി, അർഹത എന്നിവ അടിസ്ഥാനമാക്കി എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്ക് ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തസ്തികമാറ്റ നിയമനം നല്കിവരുന്നു. |
| (ബി) | പന്ത്രണ്ടോ അതിലേറെയോ വർഷം ഹൈസ്കൂൾ അധ്യാപക സേവനമുണ്ടായിട്ടും തസ്തികമാറ്റം വഴി സമാനമായ സാലറി വാങ്ങുന്ന ജൂനിയർ തസ്തികയിലേക്ക് മാറിയതിനാൽ എച്ച്.എം./എ.ഇ.ഒ. പോസ്റ്റിലേക്ക് അപേക്ഷിക്കാനുള്ള അവസരം നഷ്ടപ്പെട്ടിരിക്കുന്ന പ്രസ്തുത അധ്യാപകർക്ക് ഹയർ സെക്കൻഡറിയിലേക്ക് അർഹമായ സീനിയോറിറ്റി പരിഗണിച്ച് പ്രൊമോഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ഹെഡ് മാസ്റ്റർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനത്തിനുള്ള ഫീഡർ കാറ്റഗറി ഹൈസ്കൂൾ അധ്യാപകരാണ്. ഇതിൽ ഹയർസെക്കന്ററി അധ്യാപകർ ഉൾപ്പെടുന്നില്ല. നിലവിലുള്ള ചട്ടപ്രകാരം എച്ച്.എസ്.ടി. സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹതയുള്ള ആരുടെയും പ്രധാനാധ്യാപക തസ്തികയിലേക്കുള്ള അവസരം നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിൽ തുടരുന്ന അധ്യാപകർക്ക് അവരുടെ എച്ച്.എസ്.എസ്.ടി. തസ്തികയിലെ സീനിയോറിറ്റി, അർഹത എന്നിവ അടിസ്ഥാനമാക്കി എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്ക് ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തസ്തികമാറ്റ നിയമനം നല്കിവരുന്നു. |

സെക്ഷൻ ഓഫീസർ